## വ്യവസായ വികസനത്തിൽ വളർച്ചയുടെ അഭാവം

221 (2459) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യവസായ വികസനത്തിൽ വളർച്ചയുടെ അഭാവം ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ ;

(സി) വിവിധ സർക്കാർ ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് നവസംരംഭകർക്കായി ഒരുക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ഡി) ആധുനിക സാങ്കേതിക വിദ്യയിലുണ്ടായിട്ടുള്ള വളർച്ച ഉപയോഗപ്പെടുത്തി വ്യവസായ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 47912 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) നവസംരംഭകർക്ക് വിവിധ സർക്കാർ ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എന്റർപ്രണർ ഗൈഡൻസ് സെല്ലുകളും കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും പ്രവർത്തിച്ചുവരുന്നു.

(ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തിവരുന്ന ടെക്നോളജി ക്ലിനിക്കുകൾക്ക് പുറമേ Technology Incubation Centres, Industry Varsity Linkage Scheme, Entrepreneur Guidance Cell ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന Additional Skill Acquisition Programme (ASAP) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന Kerala Acadamy of skill Excellence (KASE) എന്നിവ ആധുനിക സാങ്കേതികവിദ്യ സംരംഭകരെ പരിചയപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly